**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2008 — 04.05.2017 -ൽ മറുപടിക്ക്

## ഉത്തരവാദിത്ത ടൂറിസം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. ജി.എസ്. ജയരാജൻ<br>ശ്രീ. വി.ആർ. സുനിൽ കുമാർ<br>ശ്രീ. എൽദോ എബ്രഹാം | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി) |
| എ) ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പാക്കുന്നുണ്ടോ ; വിശദമാക്കുമോ; | എ) ഉത്തരവാദിത്ത ടൂറിസം പദ്ധതി കേരളത്തിൽ തെരഞ്ഞെടുക്കപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ 2008 മുതൽ നടപ്പാക്കി വരുന്നു. ഒന്നാം ഘട്ടത്തിൽ കുമരകം, തേക്കടി, വൈത്തിരി, കോവളം എന്നിവിടങ്ങളിലും 2012 മുതൽ ബേക്കൽ, കുമ്പളങ്ങി, അമ്പല വയൽ എന്നിവിടങ്ങളിലും പദ്ധതി ആരംഭിച്ചിട്ടുണ്ട്. തുടർന്ന് ഉത്തരവാദിത്ത ടൂറിസം വിപുലീകരണ പദ്ധതിയിൽ 50 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെയും ദൈവത്തിന്റെ സ്വന്തം നാട് ജനങ്ങളുടെ സ്വന്തം ടൂറിസം എന്ന പേരിൽ 112 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെയും ഉത്തരവാദിത്ത ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി. ഈ സർക്കാർ വന്നതിനുശേഷം ഉത്തരവാദിത്ത ടൂറിസം പദ്ധതി കേരളത്തിലെ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| ബി) ഉത്തരവാദിത്ത ടൂറിസത്തിന് കീഴിൽ ഗ്രാമീണ ടൂറിസം പാക്കേജുകൾ നടപ്പാക്കുന്നുണ്ടോ; വിശദമാക്കുമോ; | ബി) ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ കീഴിൽ ഗ്രാമീണ ടൂറിസം പാക്കേജുകൾ നടപ്പാക്കുന്നുണ്ട്. കുമരകം, തേക്കടി, നെല്ലറച്ചാൽ, ചെട്ട്യാലത്തൂർ, ചെറുവയൽ, ബേക്കൽ, കോവളം, എന്നിവിടങ്ങളിൽ ഗ്രാമീണ ടൂറിസം പാക്കേജുകൾ നടന്നു വരുന്നു. പുതുതായി വൈക്കത്തും പ്രസ്തുത പാക്കേജുകൾ ആരംഭിച്ചിട്ടുണ്ട്. പരമ്പരാഗത |

തൊഴിലുകളായ കയർ, ഓലമെടയൽ, തഴപ്പായ നെയ്ത്ത്, കുട്ട, വട്ടി നിർമ്മാണം, മൺപാത്രനിർമ്മാണം, കള്ള് ചെത്തൽ, തെങ്ങ് കയറ്റം, നെയ്ത്ത്, വിവിധ മത്സ്യബന്ധന രീതികൾ, കാർഷിക രീതികൾ, വിവിധ കലാ പ്രവർത്തനങ്ങൾ, കരകൗശല വസ്തുക്കളുടെ നിർമ്മാണം, അമ്പെയ്ത്ത് എന്നിവയെല്ലാം പ്രമേയമാക്കി രൂപകൽപ്പന ചെയ്യപ്പെട്ട ഈ പാക്കേജുകൾ ഇന്ന് അന്തർദ്ദേശീയ ടൂറിസം രംഗത്ത് തന്നെ വലിയ മതിപ്പ് ഉണ്ടാക്കിയിട്ടുണ്ട്. പുതുതായി ഈ വർഷം 20 ഗ്രാമീണ ടൂറിസം പാക്കേജുകൾ കൂടി രൂപകൽപ്പന ചെയ്യുവാൻ ഉദ്ദേശിക്കുന്നു.. ഗ്രാമീണ ടൂറിസം പാക്കേജുകളിൽ നിന്നും മേൽ പ്രസ്താവിച്ച പരമ്പരാഗത തൊഴിലാളികൾക്കും മറ്റ് തദ്ദേശ വാസികൾക്കും മെച്ചപ്പെട്ട വരുമാനം ലഭ്യമാകുന്നുണ്ട്.

| | |
|---|---|
| സി) ഉത്തരവാദിത്ത ടൂറിസം പദ്ധതി ബോധവത്ക്കരണം നടത്തുന്നതിനായി എന്തൊക്കെ ശ്രമങ്ങളാണ് നടത്തിവരുന്നത് എന്നറിയിക്കാമോ? | സി) ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ ബോധവത്കരണത്തിനായി പൊതുവിലുള്ള പരസ്യ പ്രചരണ മാർഗ്ഗങ്ങൾ, ഓൺലൈൻ, സോഷ്യൽ മീഡിയ മാർക്കറ്റിംഗ് എന്നിവയ്ക്ക് പുറമേ കുടുംബശ്രീ തലങ്ങളിൽ യോഗങ്ങൾ, പഞ്ചായത്ത് തല ശിൽപ്പശാലകൾ, സെമിനാറുകൾ, ടൂറിസം വ്യവസായികൾക്കായി പ്രത്യേക യോഗങ്ങൾ, ടൂർ ഓപ്പറേറ്റർമാർക്കായി യോഗങ്ങൾ, മോക്ക് വിസിറ്റുകൾ, കേരള ട്രാവൽ മാർട്ട് പോലുള്ള മേളകളിൽ സ്റ്റാളുകളും പ്രചരണ പരിപാടികളും തുടങ്ങിയ രീതികളെല്ലാം അവലംബിക്കാറുണ്ട്. ഇതിന് പുറമേ അന്തർദ്ദേശീയ, ദേശീയ സെമിനാറുകളും സംഘടിപ്പിച്ചിട്ടുണ്ട്. ലോക ടൂറിസം വേദികളായ ഡബ്ളിയു.ടി.എം, ഐ.ടി.ബി തുടങ്ങിയ ഇടങ്ങളിലും യു.എൻ., ഡബ്ളിയു.ടി.ഒ യിലും വരെ ഉത്തരവാദിത്ത ടൂറിസം അവബോധനത്തിനായി പ്രചരണങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ തദ്ദേശ സ്വയം ഭരണ |

സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, വിവിധ സ്റ്റേക്ക് ഹോൾഡർമാർ എന്നിവർക്കായി ജില്ലകളിൽ അവബോധന പ്രവർത്തനങ്ങൾ നടന്നു വരികയാണ്. ദേശീയ, അന്തർദ്ദേശീയ, പ്രാദേശിക മാധ്യമ പ്രവർത്തകർക്കായും ഉത്തരവാദിത്ത ടൂറിസത്തിനായുള്ള പ്രത്യേക അവബോധന പ്രവർത്തനങ്ങൾ കാലാകാലങ്ങളിൽ നടത്താറുണ്ട്. ബോധവത്ക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ബ്ലോഗേർസ് വിസിറ്റിൽ ഉത്തരവാദിത്ത ടൂറിസം ഉൾപ്പെടുത്തിയിരുന്നു.

സെക്ഷൻ ഓഫീസർ